Weekly Devotion- June 2017

# Seperation and Holiness

## (വിശുദ്ധിയും വേർപാടും)




ഒരിക്കൽ ഒരു മനുഷ്യൻ തന്റെ ഭാര്യയും രണ്ടു മക്കളുമായി കാഴ്ചബംഗ്ലാവ് കാണുവാൻ എത്തി. ടിക്കറ്റ് എടുക്കുവാൻ ചെന്ന പിതാവിനോട് മക്കളുടെ പ്രായം counter ൽ ഇരിക്കുന്ന ആൾ തിരക്കി. മൂന്നു പേരുടെ ടിക്കറ്റിന്റെ തുക നൽകിയ പിതാവ് ഇളയകുഞ്ഞിന് മൂന്നും മൂത്തമകന് ഏഴും വയസ്സ് പ്രായമുണ്ടെന്ന് പറഞ്ഞു. ഇവന് ഏഴ് വയസ്സ് പറയുകയില്ല, ആറ് എന്ന് പറഞ്ഞാൽ മതി. ടിക്കറ്റിന് രൂപ വെറുതെ കളയേണ്ട എന്ന് അയാൾ പറഞ്ഞു. കുഞ്ഞുങ്ങളുടെ പിതാവിന്റെ പുറകിൽ നില്ക്കുന്ന മനുഷ്യനും അത് ശരിവച്ചു. " ശരിയാണ് , ആറ് വയസ്സ് എന്നു പറഞ്ഞാൽ ഒരു പക്ഷേ നിങ്ങൾ അറിയുകയില്ല, എന്നാൽ എന്റെ കുഞ്ഞുങ്ങൾ അതറിയും , കൂടാതെ എനിക്ക് മക്കളെ തന്ന ദൈവവും അതറിയും" എന്നായിരുന്നു അദ്ദേഹത്തിന്റെ ഉത്തരം. ഈ പിതാവിന്റെ മാതൃക അശുദ്ധിയിൽ നിന്ന് വേർപാട് ആഗ്രഹിക്കുന്നവർ പാലിക്കേണ്ടതാണ്.

അത്യുന്നതനായ ദൈവത്തിന്റെ വിശുദ്ധിയെ വരച്ചു കാട്ടുന്ന ലേവ്യാ പുസ്തകത്തിൽ ദൈവം തന്റെ ജനത്തോട് ആവർത്തിച്ചാഹ്വാനം ചെയ്യുന്ന വാമൊഴിയാണ് ലേവ്യ (19:2) ൽ കാണുന്നത്. നമ്മെ വിശുദ്ധിയിൽ എത്തുവാൻ അനുവദിക്കാതെ തെറ്റു ചെയ്യുവാൻ പ്രേരിപ്പിക്കുന്നവരാണ് പലരും . വിശുദ്ധരാകുവാൻ ആഗ്രഹിക്കുന്നവർ അശുദ്ധി ഏല്ക്കാതെ വേർപാട് സൂക്ഷിക്കുന്നവർ ആയിരിക്കണം. വിശുദ്ധിയിലാകുക എന്നതിന്റെ അർത്ഥം വേർതിരിക്കപ്പെടുക എന്നതാണ്. ശുദ്ധീകരിക്കപ്പെട്ടു എന്ന് പറയുന്ന ഭൂതകാലവും , ദിനംതോറുമുള്ള ശുദ്ധീകരണം എന്ന് പറയുന്ന വർത്തമാനകാലവും വിശുദ്ധിയുടെ മൂന്ന് അവസ്ഥകളാണ്. രക്ഷിക്കപ്പെട്ടതാണ് എന്നു പറഞ്ഞ് ആ തീയതി ഓർത്തിരുന്നാൽ ഒരു പ്രയോജനവുമില്ല.ദിനംതോറും വചനത്താലുള്ള ശുദ്ധീകരണം നമുക്കാവശ്യമാണ്. ഇത് ലോകസ്നേഹം , ജഡീക ഇച്ഛകൽ ഇവയിൽ നിന്നുള്ള വേർപാട് സൂക്ഷിപ്പാൻ സഹായിക്കുന്നു.

പരീശൻ എന്ന നിലയിൽ അഭിമാനിതനായ ശൗൽ , ക്രിസ്ത്യാനികളെ കൊല്ലുവാൻ അധികാര പത്രവുമായി നടന്നവൻ , 'നീ എന്നെ ഉപദ്രവിക്കുന്നതെന്ത് ?' എന്ന ചോദ്യത്തിൽ തകർന്നുപോയി. ഇത് പാപപ്രവർത്തികളിൽ നിന്നുമുള്ള അവന്റെ വേർപാടിന്റെ തുടക്കമായിരുന്നു. പൗലോസ് എന്ന പേർ ലഭിച്ചവൻ യഥാർത്ഥ ഗുരുവിനെ കണ്ടതിനുശേഷം വളരെ വിശ്വസ്തനായിരുന്നു. ഗുരു തന്നെ ഏല്പിച്ച സുവാർത്ത യാതൊരു വിടവും കലർപ്പുമില്ലാതെ ഘോഷിച്ചു. ക്രിസ്തുവിനോടുള്ള സ്നേഹം വർദ്ധിക്കുന്തോറും അവന്റെ വിശുദ്ധിയും വർദ്ധിച്ചു. തനിക്കു തന്നെ ആത്മീയ വർദ്ധന വരുത്തുന്നവനാണ് വിശുദ്ധൻ . പരിശുദ്ധാത്മ നിറവ് നിലനിർത്തുന്നവർക്കു മാത്രമേ വേർപാട് സൂക്ഷിപ്പാൻ കഴിയുകയുള്ളൂ.

ചിലരുടെ വിശുദ്ധി സാഹചര്യങ്ങളേയും ആവശ്യങ്ങളേയും ആശ്രയിച്ചാകുന്നു. വിശുദ്ധനെന്ന് നടിച്ചാൽ വിശുദ്ധനാകുന്നില്ല. വിശുദ്ധിയിൽ വളരുക തന്നെ വേണം. എങ്കിലേ ശാരീരികവും ആത്മീകവുമായി വിശുദ്ധി നിലനിർത്തുവാൻ കഴിയുകയുള്ളൂ. ദിനംതോറും അശുദ്ധിയിൽ നിന്ന് വേർപാട് സൂക്ഷിപ്പാൻ ദൈവവചനം നമ്മെ ശക്തീകരിക്കട്ടെ. ദൈവകൃപ മേല്ക്കുമേൽ വർദ്ധിച്ച് അനുഗ്രഹിക്കപ്പെട്ടവരാകുവാൻ ദൈവം സഹായിക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind